പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 266 — 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകളുടെ ശാസ്ത്രീയമായ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " ഷാഫി പറമ്പിൽ | (ഗതാഗത വകുപ്പ് മന്ത്രി) |
| " സണ്ണി ജോസഫ് | |
| " റോജി എം. ജോൺ | |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി എല്ലാ ഡ്യൂട്ടികളും സ്റ്റിയറിംഗ് ഡ്യൂട്ടിയ്ക്കനുസരിച്ച് ക്രമീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നെങ്കിലും ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 1961 ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടിക്രമം തീരുമാനിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡ്യൂട്ടി ക്രമം/ഷെഡ്യൂൾ പരിഷ്കരണം പൂർണ്ണതോതിൽ നടപ്പിലാക്കാത്തതിനാൽ വിജയപ്രദമാണോ എന്ന കാര്യം ഇപ്പോൾ വ്യക്തമാക്കുക പ്രായോഗികമല്ല. |
| (ബി) | പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ പുനക്രമീകരിക്കുന്ന പദ്ധതി പൂർണ്ണ | (ബി) | വരുമാനക്കുറവുള്ള സർവ്വീസുകളുടെ പുന:ക്രമീകരണം നടന്നു വരുന്നുവെങ്കിലും ഒറ്റപ്പെട്ട മേഖലകളിലേയ്ക്കും, മലയോര മേഖലകളി |

| | | | |
|---|---|---|---|
| | മായും നടപ്പിലാക്കിയിട്ടുണ്ടോ; അതിലൂടെ കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | | ലേയും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം ഒരുക്കുന്നതിനായി സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് ധാരാളം സർവ്വീസുകൾ നടത്തിവരുന്നതിനാലും ടി പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലാത്തതിനാലും വരുമാന വർദ്ധനവ് കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. |
| (സി) | കെ.എസ്.ആർ.ടി.സിയുടെ ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലെത്രയാണ്; അത് ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പരിഷ്കരണം മൂലം സാധിച്ചിട്ടുണ്ടോ; | (സി) | 2018 മെയ് മാസത്തെ കണക്ക് അനുസരിച്ച്, 12.5 ശതമാനം സ്പെയർ ഉൾപ്പെടുത്തി 94.44% ആണ് ഫ്ലീറ്റ് യൂട്ടിലൈസേഷൻ. ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച ക്രമീകരണത്തിലൂടെ ലഭ്യമായ ജീവനക്കാരെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും അതുവഴി ഫ്ലീറ്റ് യൂട്ടിലൈസേഷൻ ദേശീയ ശരാശരിയിലേയ്ക്ക് എത്തിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ടി ക്രമീകരണം പൂർണ്ണമായ തോതിൽ നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി 900 ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ; ഇതിന് കിഫ്ബിയിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്.<br>പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി 900 ബസ്സുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ വായ്പ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ